**കേരള സർക്കാർ**

നം.6418/ഡി.എ1/2009/തസ്വഭവ

**തദ്ദേശസ്വയംഭരണ (ഡി.എ.)വകുപ്പ്**
തിരുവനന്തപുരം, തീയതി: 27.02.2009

**സർക്കുലർ**

വിഷയം:- സുനാമി പുനരധിവാസ പദ്ധതിയുടെ ഭാഗമായി അംഗൻവാടികൾക്ക് കെട്ടിടം നിർമ്മിക്കൽ - വിശദീകരണം സംബന്ധിച്ച്.

സൂചന:-
1) സ.ഉ.(സാധാ)നമ്പർ 99/2007/സാക്ഷേവ; തീയതി 29.10.2007
2) 13.12.2007-ലെ സർക്കുലർ നമ്പർ 75735/ഡി.എ1/2007/തസ്വഭവ
3) 01.02.2008-ലെ സർക്കുലർ നമ്പർ 7638/ഡി.എ1/2008/തസ്വഭവ
4) സ.ഉ.(എം.എസ്)നം.14/2008/തസ്വഭവ; തീയതി 15.01.2008
5) 21.01.2008-ലെ സർക്കുലർ നം.4652/ഡി.എ1/2008/തസ്വഭവ
6) സാമൂഹ്യക്ഷേമ വകുപ്പ് ഡയറക്ടറുടെ 13.01.2009-ലെ എഫ്.4/2615/2008 നമ്പർ കത്ത്.

സുനാമി പുനരധിവാസ പദ്ധതി പ്രകാരം 313 അംഗൻവാടികൾക്ക് കെട്ടിടം നിർമ്മിക്കുവാൻ സൂചന ഒന്ന് പ്രകാരം സർക്കാർ അനുമതി നൽകിയതിനെത്തുടർന്ന് ഗ്രാമപഞ്ചായത്തുകളും നഗരസഭകളും കെട്ടിട നിർമ്മാണത്തിൽ പാലിക്കേണ്ട നടപടിക്രങ്ങൾ സൂചന രണ്ട്, മൂന്ന് എന്നിവ പ്രകാരം നിശ്ചയിച്ചിരുന്നു. കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് തയ്യാറാക്കിയ ടൈപ്പ് ഡിസൈൻ, 2007-ലെ പൊതുമരാമത്ത് ഷെഡ്യൂൾ നിരക്ക് പ്രകാരമുള്ള എസ്റ്റിമേറ്റ് എന്നിവയുടെ അടിസ്ഥാനത്തിലാണ് പ്രവൃത്തികൾ നടപ്പാക്കുന്നത്. ഭൂരിഭാഗം അംഗൻവാടികളുടെയും നിർമ്മാണം പൂർത്തിയായെങ്കിലും ഏതാനും ചില അംഗൻവാടികളുടെ നിർമ്മാണത്തിൽ തടസ്സം നേരിടുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതിനാൽ പ്രസ്തുത പ്രവൃത്തികളുടെ സുഗമമായ നടത്തിപ്പിന് സർക്കാർ ചുവടെയുള്ള വിശദീകരണം നൽകുന്നു.

(1) 2007-ലെ ഷെഡ്യൂൾ നിരക്ക് പ്രകാരം തയ്യാറാക്കിയ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങൾ നടപ്പാക്കുന്ന മരാമത്ത് പ്രവൃത്തികൾക്ക് ആവശ്യമായ സിമെന്റ്, കമ്പി എന്നിവയ്ക്ക്, ചില നിബന്ധനകൾക്ക് വിധേയമായി, വിപണിവില അനുവദിക്കുന്നതിന് സൂചന 4,5 എന്നിവ പ്രകാരം സർക്കാർ അനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത ഉത്തരവ് പ്രകാരമുള്ള വിപണിവില സുനാമി പുരനരധിവാസ പദ്ധതി പ്രകാരം നടപ്പാക്കുന്ന അംഗൻവാടി കെട്ടിട നിർമ്മാണത്തിനും, ആ ഉത്തരവിലെ നിബന്ധനകൾക്ക് വിധേയമായി, അനുവദിക്കാവുന്നതാണ്. ഇപ്രകാരം അധിക തുക അനുവദിക്കുന്നതിന് ഗ്രാമപഞ്ചായത്തിന്റെ/ നഗരസഭയുടെ വികസന/തനത്/ജനറൽ പർപ്പസ് ഫണ്ട് വിനിയോഗിക്കാവുന്നതാണ്.

(2) അംഗൻവാടി കെട്ടിടനിർമ്മാണത്തിന്റെ എസ്റ്റിമേറ്റിൽ കരാറുകാരന്റെ ലാഭവിഹിതം (10%) ഉൾപ്പെടുത്തിയിട്ടുള്ളതായി സാമൂഹ്യക്ഷേമ വകുപ്പ് ഡയറക്ടർ സൂചന 6 പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആയതിനാൽ ഗുണഭോക്തൃസമിതി/അക്രഡിറ്റഡ് ഏജൻസി മുഖേന നടപ്പാക്കുന്ന പ്രവൃത്തികളുടെ നികുതികൾ, ക്ഷേമനിധി വിഹിതം, മാനേജ്മെന്റ് ചാർജ്ജ് മുതലായവ (ബാധകമായത് മാത്രം) അടയ്ക്കുന്നതിന് വേണ്ട തുക

കരാറുകാരന്റെ ലാഭവിഹിതമായി വകയിരുത്തിയിട്ടുള്ള തുകയിൽ നിന്ന് വിനിയോഗിക്കേണ്ടതാണ്. പ്രസ്തുത വിഹിതം നൽകുന്നതിന് തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ ഫണ്ട് വിനിയോഗിക്കാൻ പാടില്ല.

**എസ്.എം. വിജയാനന്ദ്**
പ്രിൻസിപ്പൽ സെക്രട്ടറി

1 എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2 എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3 എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4 എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
5 എല്ലാ മുനിസിപ്പൽ ചെയർപേഴ്സൻമാർക്കും സെക്രട്ടറിമാർക്കും
6 എല്ലാ ജില്ലാആസൂത്രണസമിതി ചെയർപേഴ്സൻമാർക്കും
7 സെക്രട്ടറി, ആസൂത്രണ സാമ്പത്തികകാര്യവകുപ്പ്
8 സെക്രട്ടറി, സാമൂഹ്യക്ഷേമ വകുപ്പ്
9 മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
10 പഞ്ചായത്ത് ഡയറക്ടർ
11 ചെയർമാൻ, കേരള സംസ്ഥാന വൈദ്യുതി ബോർഡ്
12 ഗ്രാമവികസന കമ്മീഷണർ
13 നഗരകാര്യ ഡയറക്ടർ
14 ഡയറക്ടർ, സാമൂഹ്യക്ഷേമ വകുപ്പ്
15 മുഖ്യ നഗരാസൂത്രകൻ
16 ഡയറക്ടർ, സാമൂഹ്യക്ഷേമ വകുപ്പ്
17 ഡയറക്ടർ, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ
18 ഡയറക്ടർ, സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ ഡെവലപ്മെന്റ്, കൊട്ടാരക്കര
19 എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ മിഷൻ
20 എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
21 ചീഫ് എൻജിനീയർ, തദ്ദേശസ്വയംഭരണവകുപ്പ്
22 എല്ലാ ജില്ലാ ആസൂത്രണസമിതി മെമ്പർസെക്രട്ടറി(ജില്ലാ കളക്ടർമാർ)മാർക്കും
23 എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
24 എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
25 എല്ലാ അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ(ജനറൽ)മാർക്കും
26 നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർമാർക്ക്
27 ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം
28 സ്റ്റേറ്റ് പെർഫോമൻസ് ആഡിറ്റ് ഓഫീസർ
29 ജനറൽ സെക്രട്ടറി, കേരളഗ്രാമപഞ്ചായത്ത് അസോസിയേഷൻ
30 സെക്രട്ടറി കേരള ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ
31 സെക്രട്ടറി മുൻസിപ്പൽ ചെയർമാൻമാരുടെ ചേംബർ
32 സെക്രട്ടറി ജില്ലാപഞ്ചായത്ത് പ്രസിഡന്റുമാരുടെ ചേംബർ
33 പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
34 അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

പകർപ്പ്:-

1. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്
3. തദ്ദേശസ്വയംഭരണ ഡി.ബി/ഡി.സി/ഡി.ഡി/എഫ്.എം സെക്ഷനുകൾക്ക്
4. ഓഫീസ് കോപ്പി/കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ